# മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)


2114/AC A1-3/2020/AC A 1 05.05.2020

## പരിപത്രം

**വിഷയം: ഫീസാനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികളുടെ ഫീസ് സർവ്വകലാശാലയിൽ അടയ്ക്കുന്നതിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്**

സൂചന: വൈസ് ചാൻസിലറുടെ 21.04.2020 ലെ ഉത്തരവ്

മേൽ സൂചന പ്രകാരം വൈസ് ചാൻസിലർ താഴെപ്പറയുന്ന പ്രകാരം ഉത്തരവായിരിക്കുന്നു .

ഫീസാനുകൂല്യമുള്ള വിദ്യാർത്ഥികളിൽ നിന്നും യാതൊരു കാരണവശാലും മുൻകൂർ ഫീസ് ഈടാക്കരുതെന്ന പിന്നാക്ക വികസന വകുപ്പിന്റെ ഉത്തരവ് കോളേജുകൾ കർശനമായി പാലിക്കേണ്ടതാണ്. ടി വിദ്യാർത്ഥികളിൽ നിന്ന് കോളേജുകളിലേയ്ക്ക് ലഭിക്കേണ്ട ഫീസ്, സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് തന്നെ, താമസം കൂടാതെ സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് വിദ്യാഭ്യാസാനുകൂല്യത്തിൽ പഠിക്കുന്ന ഒ.ബി.സി, ജനറൽ (കെ.പി.സി.ആർ) വിഭാഗം വിദ്യാർത്ഥികൾക്കും ബാധകമാണ്.

മറ്റു വിദ്യാർത്ഥികളിൽ നിന്നും ജൂൺ, ജൂലൈ മാസങ്ങളിലായി പിരിച്ചെടുക്കുന്ന ഫീസ് സർവ്വകലാശാലയിലേയ്ക്ക് അടയ്ക്കാതെ ദീർഘകാലം കൈവശം വയ്ക്കുന്നത് കോളേജുകളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. അതുകൊണ്ട് തന്നെ ടി കോളേജുകൾ പുതിയ നിരക്കിൽ ഫീസ് അടയ്ക്കേണ്ടതാണെന്നും അധികമായി അടയ്ക്കേണ്ടി വരുന്ന തുക യാതൊരു കാരണവശാലും വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാൻ പാടില്ലെന്നും ഉത്തരവായിരിക്കുന്നു .

SANALKUMAR T V

ASSISTANT REGISTRAR I (ACADEMIC)

Draft #4 of File 2114/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 05-May-2020 10:58 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മഹാത്മാഗാന്ധി സർവകലാശാല
പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560
(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

Draft #2 of File 2114/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 22-Feb-2020 04:58 PM - Page 2

2114/AC A1-3/2020/AC A 1 22.02.2020

## പരിപത്രം

**വിഷയം : പിന്നാക്ക വിഭാഗ വിദ്യാർത്ഥികളിൽ നിന്നും മുൻകൂർ ഫീസ് ഈടാക്കുന്ന നടപടി അവസാനിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്**

സൂചന: പിന്നാക്ക വികസന വകുപ്പിൽ നിന്നും ലഭിച്ച കത്ത് നം.BCDR/B2/303/2019(2) തീയതി 30.12.2019

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 21.11.2019 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.126/2019/പി.വി.വി.വ പ്രകാരം ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികളിൽ നിന്നും, ഒ.ഇ.സി യ്ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ഫീസ് മുൻകൂർ ഈടാക്കുന്നത് അവസാനിപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും ഇത്തരം ആരോപണം ശരിയാണെന്ന് പ്രഥമ ദൃഷ്ട്യാ ബോധ്യമായാൽ പോലീസ് വിജിലൻസ് സെല്ലിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ, ഫീസാനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികളിൽ നിന്നും യാതൊരു കാരണവശാലും മുൻകൂർ ഫീസ് ഈടാക്കരുതെന്ന് മേൽ സൂചന പ്രകാരം പിന്നോക്ക വിഭാഗ വികസന വകുപ്പിൽ നിന്നും അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ അഫിലിയേറ്റഡ് കോളേജുകളും ഡിപ്പാർട്ട്മെന്റുകളും പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കണമെന്ന് ഉത്തരവായതായി ഇതിനാൽ അറിയിക്കുന്നു .

SANALKUMAR T V
ASSISTANT REGISTRAR I (ACADEMIC)

ഉള്ളടക്കം:മേൽ സൂചന കത്ത്, സ.ഉ.(സാധാ)നം.126/2019/പി.വി.വി.വ തീയതി 21.11.2019

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം,കവടിയാർ പി.ഒ,
തിരുവനന്തപുരം-695003, ഫോൺ - 0471 2727378, 0471 2727379
ഇമെയിൽ-obcdirectorate@gmail.com, വെബ്സൈറ്റ്-www.bcdd.kerala.gov.in

BCDIR/B2/303/2019(2) തീയതി - 30.12.2019

ഭരണഭാഷ - മാതൃഭാഷ

രജിസ്ട്രാർ
മഹാത്മാഗാന്ധി സർവ്വകലാശാല.
കോട്ടയം – 686 560

സർ,

വിഷയം - പിന്നാക്ക വിഭാഗ വികസന വകുപ്പ് – പിന്നാക്ക വിഭാഗ വിദ്യാർത്ഥികളിൽ നിന്നും മുൻകൂർ ഫീസ് ഈടാക്കുന്ന നടപടി അവസാനിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നത് – സംബന്ധിച്ച്.

സൂചന - സ.ഉ.(സാധാ) നം. 126/2019/പി.വി.വി.വ. തീയതി – 21-11-2019.

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങളിൽ ഫീസിനത്തിൽ അനുവദിക്കേണ്ട തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ അക്കൗണ്ടിലുമാണ് നൽകി വരുന്നത്. ചില സ്ഥാപനങ്ങൾ ഫീസാനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളിൽ നിന്നും മുൻകൂർ ഫീസ് ഈടാക്കുന്നതായി പരാതികൾ ലഭിക്കുന്നുണ്ട് . ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും, ഒ.ഇ.സി ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ഇത്തരത്തിൽ ഫീസ് മുൻകൂർ ഈടാക്കുന്നത് അവസാനിപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയും, ദിനേശൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഇത്തരം കേസുകൾ ശരിയാണെന്ന് പ്രഥമദൃഷ്ട്യാ ബോധ്യമായാൽ പോലീസ് വിജിലൻസ് സെല്ലിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.) മേൽ സാഹചര്യത്തിൽ ഫീസാനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികളിൽ നിന്ന് യാതൊരു കാരണവശാലും മുൻകൂർ ഫീസ് ഈടാക്കരുതെന്ന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് തലത്തിൽക്കൂടി കർശന നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
(ഡയറക്ടർക്കുവേണ്ടി)

DIRECTORATE OF BACKWARD CLASSES DEVELOPMENT DEPARTMENT
Thiruvananthapuram
695 003

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Scan No.: B/2019/1823/19

23 NOV 2019
O/o Director, BCDD | No;
Director
D.D
S.F.O
SS
JS

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ഒ.ഇ.സി. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ - ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള തുടർ നടപടികൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ)നം.126/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 21.11.2019.

---

പരാമർശം:- 1. 20.02.2018 -ലെ സ.ഉ.(കൈ)നം. 55/2018/ഉ.വി.വ.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 21.08.2019 -ലെ ബി.സി.ഡി.ഐ.ആർ/ബി2/303/2019 നമ്പർ കത്ത്.

Directorate of BCDD
E.Office Ref. No. 63005/19

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ 20 -ൽ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്റ്റൈപ്പന്റ് കോളേജ് / സ്ഥാപന അധികൃതർ വിദ്യാർത്ഥികൾക്ക് നൽകാതെ ന്യായ വിരുദ്ധമായി ഉപയോഗിക്കുന്നതായും ഇതേക്കുറിച്ച് അന്വേഷിച്ച് പ്രഥമ ദൃഷ്ട്യാ ബോധ്യമായാൽ പോലീസ് വിജിലൻസിനെ അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും, ഒ.ഇ.സി.യ്ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ഫീസ് മുൻകൂർ ഈടാക്കുന്നത് അവസാനിപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയും ഇത്തരം ആരോപണം ശരിയാണെന്ന് പ്രഥമ ദൃഷ്ട്യാ ബോധ്യമായാൽ പോലീസ് വിജിലൻസ് സെല്ലിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ് (ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.